"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി - സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള യഥാർത്ഥ വിഹിതത്തിന് അനുസൃതമായി രൂപം നൽകണമെന്ന് വ്യക്തമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.370/2025/LSGD തീയതി,തിരുവനന്തപുരം, 06-02-2025

പരാമർശം:- 1. സ.ഉ.(കൈ)നം.164/2024/തസ്വഭവ; തീയതി 25.11.2024

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ 2025-26 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ മുകളിൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2025-26 സാമ്പത്തിക വർഷം വിവിധ വിഭാഗങ്ങളിൽ ലഭിക്കാവുന്ന ഫണ്ടുകളുടെ വിശദാംശങ്ങൾ പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കുന്ന സമയത്ത് ലഭ്യമല്ലാതിരുന്നതിനാൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഒഴികെയുള്ള മറ്റ് വിഭാഗം ഫണ്ടുകളുടെ കാര്യത്തിൽ 2024-25ലെ വിഹിതത്തിന് തുല്യമായ തുകയും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കാര്യത്തിൽ സുലേഖയിൽ ഉൾപ്പെടുത്തി നൽകുന്ന താൽക്കാലിക വിഹിതത്തെ അടിസ്ഥാനമാക്കിയും വാർഷിക പദ്ധതിയ്ക്ക് രൂപം നൽകണമെന്നാണ് പ്രസ്തുത ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിരുന്നത്. എന്നാൽ 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ് 2025 ഫെബ്രുവരി 7 ന് അവതരിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. താൽക്കാലിക വിഹിതത്തിന് പകരം 2025-26ൽ യഥാർത്ഥത്തിൽ ലഭിക്കാവുന്ന തുകയ്ക്ക് അനുസൃതമായി വാർഷിക പദ്ധതിക്ക് രൂപം നൽകുന്നതായിരിക്കും നല്ലതെന്ന് സർക്കാർ കരുതുന്നു.

2. മേൽ വിവരിച്ച സാഹചര്യത്തിൽ, 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരമുള്ള വിഹിതത്തിന് അനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയ്ക്ക് രൂപം നൽകണമെന്ന് വ്യക്തമാക്കി സർക്കാർ ഉത്തരവാകുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിക്ക് രൂപം നൽകി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്നതിനുള്ള പുതുക്കിയ സമയക്രമം ചുവടെ നൽകിയിരിക്കുന്നത് പ്രകാരമായിരിക്കും.

| ക്രമ നമ്പർ | പ്രവർത്തനം | പൂർത്തിയാക്കേണ്ട അവസാന തീയതി |
|---|---|---|

| | | |
|---|---|---|
| | | |
| **എ** | **ഗ്രാമപഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ** | |
| 1 | വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കൽ | 2025 ഫെബ്രുവരി 22 |
| 2 | വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം | 2025 ഫെബ്രുവരി 28 |
| 3 | ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകൾ ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ അപ് ലോഡ് ചെയ്യൽ | 2025 മാർച്ച് 5 |
| **ബി** | **ബ്ലോക്ക് പഞ്ചായത്തുകൾ/ജില്ലാ പഞ്ചായത്തുകൾ** | |
| 1 | വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കൽ | 2025 ഫെബ്രുവരി 28 |
| 2 | വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം | 2025 മാർച്ച് 5 |
| 3 | പ്രോജക്ടുകൾ ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ അപ് ലോഡ് ചെയ്യൽ | 2025 മാർച്ച് 10 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ, റൂറൽ
9. തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ, അർബൻ

10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
23. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 07-02-2025 10:36:40
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്